# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3386 — 10/12/2018 - ൽ മറുപടി പറയേണ്ടിയിരുന്നത്

### പ്രധാനമന്ത്രി ആവാസ് യോജനയിൽ ഇരുപതിനായിരം വീട്ടുകൾ നഷ്ടമായ കാര്യം

ചോദ്യം — ഉത്തരം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ഇ.ചന്ദ്രശേഖരൻ
( റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര ഭവന പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജനയിൽ കേരളത്തിനു ലഭിക്കുമായിരുന്ന ഇരുപതിനായിരം വീട്ടുകൾ ഇത്തവണ നഷ്ടമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ/നഗരം) പദ്ധതി പ്രകാരം സംസ്ഥാനത്തിനു ലഭ്യമാകുമായിരുന്ന വീട്ടുകൾ ഒന്നും നഷ്ടമായിട്ടില്ല. |
| (ബി) | കേന്ദ്ര സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച വീട്ടുകൾ പൂർത്തിയാക്കിയിട്ടില്ലെന്ന പരാതി പരിശോധിക്കുമോ ; ഇതിനുത്തര വാദിയായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ബി) യും (സി) യും | പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതിയിൽ 2017-18 ൽ 9872 വീട്ടുകളാണ് അനുവദിച്ചത്. ഇതിൽ സാമൂഹ്യ സാമ്പത്തിക-ജാതി സെൻസസിൽ ഉൾപ്പെട്ട അർഹരായ 3495 ഗുണഭോക്താക്കൾക്കാണ് പദ്ധതിയിൽ അനുമതി നൽകിയത്. ഇതിൽ 2353 വീട്ടുകൾ പൂർത്തിയായി. 1142 വീട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പി.എം.എ.വൈ (നഗരം ) പദ്ധതി പ്രകാരം പൂർത്തിയാക്കേണ്ട വീട്ടുകൾ പൂർത്തീകരിക്കാതിരുന്നിട്ടില്ല. |
| സി | കേന്ദ്രസർക്കാരിന്റെ ഫണ്ട് ഉപയോഗിക്കാതെ വരുന്നത് സംസ്ഥാനത്തിന്റെ തുടർന്നുള്ള പദ്ധതികളെ ബാധിക്കുമെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ ? | സി) | കേന്ദ്രസർക്കാരിന്റെ ഫണ്ട് ഉപയോഗിക്കാതെ വരുന്നത് സംസ്ഥാനത്തിന്റെ തുടർന്നുള്ള പദ്ധതികളെ ബാധിക്കുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ